**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 957** **10-08-2023 - ൽ മറുപടിയ്ക്ക്**

**പിന്നാക്ക സമുദായ ക്ഷേമപദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. കെ. എം. അഷ്‌റഫ് | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പിന്നാക്ക സമുദായ ക്ഷേമത്തിനായി 2023-24 വർഷം നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ വിശദ വിവരങ്ങളും പ്രസ്തുത പദ്ധതികളുടെ പ്രവർത്തന പുരോഗതിയും വ്യക്തമാക്കുമോ? | (എ) | പിന്നാക്ക വിഭാഗ വികസന വകുപ്പ് 2023-24 ൽ നടപ്പിലാക്കുന്ന വിവിധ പദ്ധതികളും നടപ്പ് സാമ്പത്തിക വർഷം ജൂലൈ 31 വരെയുള്ള ചെലവുകൾ സംബന്ധിച്ചുള്ള വിവരങ്ങളും അനുബന്ധം 1 -ആയി ചേർക്കുന്നു.<br><br>കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ പിന്നാക്ക സമുദായങ്ങളിൽപ്പെട്ട വരുടെ സാമ്പത്തിക – വിദ്യാഭ്യാസ - സാമൂഹിക ഉന്നമനത്തിനായി ദേശീയ പിന്നാക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷന്റെ (NBCFDC) ഫണ്ടും, കോർപ്പറേഷന്റെ തനത് ഫണ്ടും ദേശീയ സഫായി കരംചാരീസ് ധനകാര്യ വികസന കോർപ്പറേഷന്റെ (NSKFDC) ഫണ്ടും ഉപയോഗിച്ച് വിവിധ വായ്പാ പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഇതിനു പുറമേ ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ (NMDFC) ഫണ്ടും വിനിയോഗിച്ച് മതന്യൂനപക്ഷത്തിൽ ഉൾപ്പെട്ട ഒ.ബി.സി. വിഭാഗങ്ങൾക്കും വായ്പ അനുവദിച്ച വരുന്നു. കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ 2023-24 വർഷം നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ വിശദ വിവരങ്ങളും പ്രസ്തുത പദ്ധതി കളുടെ ഈ സാമ്പത്തിക വർഷത്തെ പ്രവർത്തന പുരോഗതിയും അനുബന്ധം 2 -ആയി ചേർക്കുന്നു.<br><br>കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷന്റെ ലക്ഷ്യവിഭാഗത്തിൽപ്പെട്ട ജനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനായി കുറഞ്ഞ പലിശ നിരക്കിൽ വിവിധ ഭവന വായ്പകളും, വിവാഹ വായ്പ, സ്വയം തൊഴിൽ വായ്പ, വ്യക്തിഗത വായ്പകൾ എന്നിവയും കൂടാതെ ടി വിഭാഗത്തിലെ |

വിദ്യാർത്ഥികൾക്കായി വിദ്യാഭ്യാസ വായ്പകളും, വിദ്യാഭ്യാസ പ്രോത്സാഹന/ ധനസഹായ/പരിശീലന പദ്ധതികളും കോർപ്പറേഷൻ നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ വിദ്യാർത്ഥികൾക്ക് വിദേശ സർവ്വകലാശാലകളിലും സ്ഥാപനങ്ങളിലും പഠനം നടത്തുന്നതിനായി വായ്പ നൽകുന്ന പുതിയ പദ്ധതിയായ വിദേശ പഠന വായ്പാ പദ്ധതിയും 2023-24 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കി വരുന്നു. ലക്ഷ്യവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ, തൊഴിൽ രഹിതരായ യുവതീയുവാക്കൾ എന്നിവർക്ക് തൊഴിലധിഷ്ഠിത പരിശീലനം നൽകി അവരെ മികച്ച ജോലികൾ നേടുന്നതിന് പ്രാപ്തരാക്കുന്ന തൊഴിലധിഷ്ഠിത പരിശീലന പരിപാടിയും കോർപ്പറേഷൻ ഈ വർഷം നടപ്പിലാക്കി വരുന്നു. 2023-24 സാമ്പത്തിക വർഷം നാളിതുവരെ വിവിധ വായ്പാ പദ്ധതികൾക്കായി 4.95 കോടി രൂപ ചെലവഴിച്ചിട്ടുള്ളതാണ്. കൂടാതെ തൊഴിലധിഷ്ഠിത പരിശീലന പരിപാടിയുടെ ഭാഗമായി 120 പേർക്ക് തിരുവനന്തപുരം/കോട്ടയം സർക്കാർ പോളിടെക്നിക് കോളേജുകൾ, കെൽട്രോൺ നോളജ് സെന്റർ എന്നിവ മുഖേന പരിശീലനം നൽകുന്ന കോഴ്സുകളും ആരംഭിച്ചിട്ടുണ്ട്.

കേരള സംസ്ഥാന കളിമൺപാത്ര നിർമ്മാണ വിപണന ക്ഷേമ വികസന കോർപ്പറേഷൻ നിലവിൽ നടപ്പിലാക്കുന്ന പദ്ധതികളുടെയും 2023-24 വർഷം നടപ്പിലാക്കുന്ന പദ്ധതിയുടെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. **<u>മൺപാത്ര നിർമ്മാണ യൂണിറ്റ് വായ്പാ പദ്ധതി</u>**

മൺപാത്ര നിർമ്മാണ പ്രവൃത്തിയുടെ പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ കളിമൺപാത്ര നിർമ്മാണ യൂണിറ്റുകൾ പുതിയതായി ആരംഭിക്കുന്നതിനും നിലവിലുള്ളതും പ്രവർത്തന രഹിതവുമായ യൂണിറ്റുകളെ പുനരുജ്ജീവിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് കളിമൺപാത്ര നിർമ്മാണ തൊഴിലാളികൾക്ക് കുറഞ്ഞ പലിശ നിരക്കിൽ വ്യക്തിഗത വായ്പ നൽകി വരുന്നു. 2 ലക്ഷം രൂപയാണ് ഈ പദ്ധതിയനുസരിച്ച് വായ്പ നൽകുന്നത്.

**<u>2. മൺപാത്ര വിപണന പ്രവർത്തന മൂലധന വായ്പാ പദ്ധതി</u>**

മൺപാത്ര നിർമ്മാണ വിപണന മേഖലയിലെ യൂണിറ്റുകൾ പുനരുദ്ധരിക്കുന്നതിന്റെ ഭാഗമായി നിർമ്മാണ പ്രക്രിയയ്ക്കും വിപണന പ്രക്രിയയ്ക്കും സഹായ

| | | | |
|---|---|---|---|
| | | | കരമായ വായ്പകൾ കുറഞ്ഞ പലിശ നിരക്കിൽ നൽകി വരുന്നു. (പരമാവധി വായ്പാ തുക 2 ലക്ഷം രൂപ).<br><br>**3. <u>സ്വയം സഹായ ഗ്രൂപ്പ് വായ്പാ പദ്ധതി</u>**<br><br>വ്യക്തിഗത വായ്പകൾ നൽകുന്നുവെങ്കിലും ജാമ്യം നൽകി വായ്പ സ്വീകരിക്കാൻ ലക്ഷ്യ സമൂഹത്തിന് സാധിക്കാത്തതിനാൽ മേഖലയിലെ സ്വയംസഹായ ഗ്രൂപ്പുകൾക്ക് ജാമ്യ രഹിത വായ്പ നൽകുന്നതിനുള്ള പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ട്.<br><br>**4. <u>മാർക്കറ്റിംഗ്</u>**<br><br>മൺപാത്ര വിപണന നയത്തിന്റെ ഭാഗമായി ചെറുകിട നിർമ്മാതാക്കളിൽ നിന്നും കോർപ്പറേഷൻ ഉൽപ്പന്നങ്ങൾ സ്വീകരിച്ച് വിപണനം നടത്തുന്നതിനുള്ള പദ്ധതിയും നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം - 1

## പിന്നാക്ക സമുദായ ക്ഷേമത്തിനായി 2023-24 വർഷം നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ വിശദ വിവരങ്ങളും പ്രസ്തുത പദ്ധതികളുടെ പ്രവർത്തന പുരോഗതിയും

### 1. ഒ.ഇ.സി പ്രീമെട്രിക് വിദ്യാഭ്യാസാനുകൂല്യങ്ങൾ

- സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ്/അൺ-എയ്ഡഡ്/അഫിലിയേറ്റഡ് സ്കൂളുകളിൽ 1 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന ഒ.ഇ.സി/ഒ.ബി.സി(എച്ച്) വിദ്യാഭ്യാസാനുകൂല്യം അനുവദിക്കുന്നു.
- ഒ.ഇ.സി സമുദായങ്ങൾക്ക് വരുമാന പരിധി ഇല്ല.
- ഒ.ബി.സി(എച്ച്) ന് 6 ലക്ഷം രൂപയാണ് വരുമാന പരിധി.
- നടപ്പ് വർഷത്തെ ക്ലെയിമുകൾ ഇ-ഗ്രാന്റ്സ് മുഖേന അടിയന്തരമായി ലഭ്യമാക്കുന്നതിന് സ്കൂളുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.
- ഇ-ഗ്രാന്റ്സ് മുഖേന സ്കൂളുകളിൽ നിന്നും ക്ലെയിം ജനറേറ്റ് ചെയ്ത് ലഭ്യമാകുന്ന മുറയക്ക് ആനുകൂല്യ തുക വിദ്യാർത്ഥികളുടെ ബാങ്ക് അക്കൌണ്ടുകളിലേക്ക് കൈമാറി വരുന്നു.
- നടപ്പ് വർഷം പ്ലാൻ, നോൺ പ്ലാൻ ശീർഷകങ്ങളിൽ ലഭ്യമായ തുകയുടെ വിതരണം സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ശീർഷകം | ബജറ്റ് വിഹിതം | ചെലവ് | ചെലവ് ശതമാനം | ഭൗതിക നേട്ടം |
|---|---|---|---|---|
| 2225-03-277-98-12 (പ്ലാൻ) | 5,00,00,000 | 44,726,358 | 89 | 100788 |
| 2225-03-277-98-12 (നോൺ പ്ലാൻ) | 20,00,00,000 | 52,144,662 | 26 | |

### 2. ഒ.ബി.സി, ഇ.ബി.സി പ്രീമെട്രിക് സ്കോളർഷിപ്പ്-കേന്ദ്രാവിഷ്കൃത പദ്ധതി (60% CSS)

- 60% കേന്ദ്ര സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതി.
- സംസ്ഥാനത്തെ സർക്കാർ/സർക്കാർ എയ്ഡഡ് സ്കൂളുകളിൽ 9, 10 ക്ലാസ്സു കളിൽ പഠിക്കുന്ന ഒ.ബി.സി വിദ്യാർത്ഥികൾക്ക് പഠന മികവിന്റെ അടിസ്ഥാന ത്തിൽ പ്രതിവർഷം 4000/- രൂപ സ്കോളർഷിപ്പ് അനുവദിക്കുന്നു.
- കുടുംബ വാർഷിക വരുമാന പരിധി - 2.5 ലക്ഷം രൂപ
- നടപ്പ് വർഷത്തെ ക്ലെയിമുകൾ ഇ-ഗ്രാന്റ്സ് മുഖേന അടിയന്തരമായി ലഭ്യമാക്കുന്നതിന് സ്കൂളുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

Nawas
സെക്ഷൻ ഓഫീസർ

- ഇ-ഗ്രാന്റ്സ് മുഖേന സ്കൂളുകളിൽ നിന്നും ക്ലെയിം ജനറേറ്റ് ചെയ്ത് ലഭ്യമാകുന്ന മുറയ്ക്ക് ആനുകൂല്യ തുക വിദ്യാർത്ഥികളുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് കൈമാറി വരുന്നു.
- നടപ്പ് വർഷം റിലീസ് തുകയൊന്നും ലഭ്യമായിട്ടില്ല.
- ഈ പദ്ധതിയുമായി ബന്ധപ്പെട്ട് നടപ്പ് വർഷം ലഭ്യമായ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ശീർഷകം | ബജറ്റ് വിഹിതം | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|
| 2225-03-277-85-1-12 (പ്ലാൻ) - കേന്ദ്രവിഹിതം | 12,00,00,000 | 0 | - |
| 2225-03-277-85-2-12 (പ്ലാൻ) സംസ്ഥാന വിഹിതം | 8,00,00,000 | 2,24,34,000 | 28.04 |

3. <u>പോസ്റ്റ്മെട്രിക് വിദ്യാഭ്യാസാനുകൂല്യങ്ങൾ</u>

- 4 ഉപഘടകങ്ങളോടെയാണ് പദ്ധതി നടപ്പാക്കുന്നത്.
- 1. ഒ.ഇ.സി പോസ്റ്റ്മെട്രിക് വിദ്യാഭ്യാസാനുകൂല്യം, 2. KPCR വിദ്യാഭ്യാസ ആനുകൂല്യം, 3. ഹയർസെക്കൻഡറി മെറിറ്റ് അവാർഡ്, 4. പോസ്റ്റ്മെട്രിക് ഹോസ്റ്റൽ പ്രവർത്തനം
- +2 മുതൽ Ph.D വരെയുള്ള കോഴ്സുകളിൽ പ്രവേശനം നേടുന്ന ഒ.ഇ.സി, ഒ.ബി.സി (എച്ച്) വിഭാഗം വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യം നൽകുന്നു
- കുമാരപിള്ള കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ SEBC വിഭാഗത്തിൽ പ്പെട്ട സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളിലെ പോസ്റ്റ്മെട്രിക് വിദ്യാർത്ഥി കൾക്കും, സ്വാശ്രയ എഞ്ചിനീയറിംഗ് കോഴ്സുകളിലെ വിദ്യാർത്ഥികൾക്കും സർക്കാർ നിരക്കിലുള്ള ഫീസ് അനുവദിക്കുന്നു.
- KPCR വിദ്യാഭ്യാസാനുകൂല്യത്തിനുള്ള കുടുംബ വാർഷിക വരുമാന പരിധി - 1 ലക്ഷം രൂപ.
- സ്ഥാപനങ്ങളിൽ നിന്നും ഇഗ്രാന്റ്സ് വെബ് പോർട്ടൽ മുഖേന ക്ലയിമുകൾ സമർപ്പിക്കുന്നതിന്റേയും പട്ടികജാതി വികസന വകുപ്പ് മുഖേന അർഹമായ തുക Sanction ചെയ്തു ലഭ്യമാക്കുന്നതിന്റേയും അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ശീർഷക ങ്ങളിൽ ആനുകൂല്യ തുക വിതരണം ചെയ്ത് വരുന്നു.
- മുൻവർഷങ്ങളിലെ കുടിശ്ശിക സഹിതം തുക പൂർണ്ണമായും വിതരണം ചെയ്യുന്ന തിന് 300 കോടി രൂപ SDG അഭ്യർത്ഥിച്ചിട്ടുണ്ട്.
- ഹയർ സെക്കന്ററി ഉന്നതവിജയം കരസ്ഥമാക്കിയവർക്ക് മെറിറ്റ് അവാർഡ് നൽകുന്നു.
- ഓരോ അധ്യയന വർഷത്തേയും ഹയർസെക്കന്ററി പരീക്ഷാഫലം അനുസരിച്ച് മികച്ച വിജയം കരസ്ഥമാക്കിയ ആദ്യ 100 പേർക്ക് 10000/- രൂപ ക്യാഷ് അവാർഡ് നൽകുന്നതിന് 2022-23 ൽ ആരംഭിച്ച പദ്ധതി.



Nawas
സെക്ഷൻ ഓഫീസർ

- വരുമാന പരിധി 5 ലക്ഷം രൂപ.
- ബഹു. വകുപ്പ് മന്ത്രി പങ്കെടുക്കുന്ന പൊതു ചടങ്ങിൽ വെച്ച് വിതരണം ചെയ്യുന്നു.
- എറണാകുളം കാക്കനാട് ഹൗസിംഗ് ബോർഡിന്റെ ഉടമസ്ഥതയിൽ സ്ഥിതിചെയ്യുന്ന കെട്ടിടത്തിൽ പെൺകുട്ടികൾക്ക് താമസിച്ചു പഠിക്കുന്നതിന് പോസ്റ്റ്മെട്രിക് ഹോസ്റ്റൽ ആരംഭിച്ചു നടപ്പാക്കി വരുന്നു. ഹോസ്റ്റൽ അഡ്മിഷനുള്ള വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.
- സർക്കാർ/സർക്കാർ എയ്ഡഡ്/അംഗീകൃത സ്വാശ്രയ സ്ഥാപനങ്ങളിൽ മെറിറ്റ്/റിസർവേഷൻ അടിസ്ഥാനത്തിൽ പ്രവേശനം നേടുന്ന പരമാവധി 40 വിദ്യാർത്ഥിനികൾക്കാണ് അവസരം നൽകുന്നത്.
- ഒ.ബി.സി വിഭാഗങ്ങൾക്ക് 3000/- രൂപയും, ഒ.ഇ.സി/ഒ.ബി.സി(എച്ച്) വിഭാഗങ്ങൾക്ക് 4500/- രൂപയും ഹോസ്റ്റൽ ഫീസ് അനുവദിക്കുന്നു.
- വാർഷിക വരുമാന പരിധി 8 ലക്ഷം രൂപ.
- പോസ്റ്റ്മെട്രിക് വിദ്യാഭ്യാസാനുകൂല്യവുമായി ബന്ധപ്പെട്ട ശീർഷകത്തിൽ നടപ്പ് വർഷത്തെ ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ശീർഷകം | ബജറ്റ് വിഹിതം | ചെലവ് | ചെലവ് ശതമാനം | ഭൗതിക നേട്ടം |
|---|---|---|---|---|
| 2225-03-277-99-12 (പ്ലാൻ) | 40,00,00,000 | 38,35,09,975 | 95.88 | 47262 |
| 2225-03-277-99-12 (നോൺ പ്ലാൻ) | 182,00,00,000 | 1294092128 | 71.1 | |

4. <u>ഒ.ബി.സി, ഇ.ബി.സി പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ്-കേന്ദ്രാവിഷ്കൃത പദ്ധതി (60% CSS)</u>

- 60% കേന്ദ്ര സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതി.
- സംസ്ഥാനത്തെ ഒ.ബി.സി വിഭാഗത്തിൽപ്പെട്ട ഹയർ സെക്കന്ററി വിദ്യാർത്ഥികൾ, സംസ്ഥാനത്തിനകത്ത് CA/CMA/ICWA/CS കോഴ്സുകളിൽ പഠിക്കുന്നവർ, സംസ്ഥാനത്തിനു പുറത്ത് ദേശീയ പ്രാധാന്യമുളള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അഖിലേന്ത്യാടിസ്ഥാനത്തിൽ നടത്തുന്ന തെരഞ്ഞെടുപ്പു രീതി പ്രകാരം പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾ എന്നിവർക്കാണ് സ്കോളർഷിപ്പ് ലഭിക്കുന്നതിന് അർഹതയുളളത്.
- കുടുംബ വാർഷിക വരുമാന പരിധി 2.5 ലക്ഷം രൂപ.
- ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ശീർഷകം | ബജറ്റ് വിഹിതം | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|
| 2225-03-277-84-1-12 (പ്ലാൻ) - കേന്ദ്രവിഹിതം | 36,00,00,000 | 36,00,00,000 | 100 |
| 2225-03-277-84-2-12 (പ്ലാൻ) സംസ്ഥാന വിഹിതം | 24,00,00,000 | 0 | - |



Naran
സെക്ഷൻ ഓഫീസർ

5. ഓവർസീസ് സ്കോളർഷിപ്പ്

- ഒ.ബി.സി വിദ്യാർത്ഥികൾക്ക് വിദേശസർവ്വകലാശാലകളിൽ ഉപരിപഠനം നടത്തുന്നതിന് സ്കോളർഷിപ്പ് അനുവദിക്കുന്ന പദ്ധതി.
- മെഡിക്കൽ/എഞ്ചിനീയറിങ്/പ്യൂവർ സയൻസ്/അഗ്രികൾച്ചർ/മാനേജ്മെന്റ്/ നിയമം/സോഷ്യൽ സയൻസ് കോഴ്സുകൾ പഠിക്കുന്നവർക്കാണ് സ്കോളർഷിപ്പ് അനുവദിക്കുന്നത്.
- 10 ലക്ഷം രൂപയാണ് സ്കോളർഷിപ്പ് അനുവദിക്കുന്നത്.
- 6 ലക്ഷം രൂപയാണ് കുടുംബ വാർഷിക വരുമാന പരിധി.
- വിദ്യാർത്ഥികൾ വിദേശ പഠനം ആരംഭിച്ച് ബന്ധപ്പെട്ട ചെലവ് വിവരങ്ങൾ ഓഫീസിൽ ലഭ്യമാക്കുന്ന മുറയ്ക്കാണ് അർഹമായ സ്കോളർഷിപ്പ് അനുവദിക്കുന്നത്. മുൻവർഷങ്ങളിൽ പഠനം ആരംഭിച്ചവർ ഇതിനകം സമർപ്പിച്ചിട്ടുള്ള രശീതികളും മറ്റ് ചെലവ് വിവരങ്ങളുടേയും അടിസ്ഥാനത്തിൽ അർഹമായ തുക അനുവദിച്ചു നൽകിയിട്ടുണ്ട്.
- നടപ്പ് വർഷത്തെ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്.
- ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ശീർഷകം | ബജറ്റ് വിഹിതം | ചെലവ് | ചെലവ് ശതമാനം | ഭൗതിക നേട്ടം |
|---|---|---|---|---|
| 2225-03-277-91-12 (പ്ലാൻ) | 2,00,00,000 | 17500000 | 8.75 | 8 |

6. മാതാവോ പിതാവോ രണ്ട് പേരുമോ നഷ്ടപ്പെട്ട ഒ.ബി.സി വിഭാഗം പെൺകുട്ടികൾക്ക്മെഡിക്കൽ/മെഡിക്കൽ അനുബന്ധ കോഴ്സുകൾ പഠിക്കുന്നതിന് സ്കോളർഷിപ്പ്

- മെഡിക്കൽ/മെഡിക്കൽ അനുബന്ധ കോഴ്സുകളിൽ പഠിക്കുന്ന മാതാവിനെയോ പിതാവിനെയോ അല്ലെങ്കിൽ ഇരുവരേയുമോ നഷ്ടപ്പെട്ട മറ്റ് പിന്നാക്ക വിഭാഗങ്ങളിലെ പെൺകുട്ടികൾക്ക് വിദ്യാഭ്യാസത്തിനുള്ള സാമ്പത്തിക സഹായം നൽകുന്നതിന് 2022-23 ൽ ആരംഭിച്ച പദ്ധതി.
- കുടുംബ വാർഷിക വരുമാന പരിധി 2.50 ലക്ഷം രൂപ.
- പ്രതിവർഷം 50,000/- രൂപ സ്കോളർഷിപ്പ് അനുവദിക്കുന്നു.
- സർക്കാർ/സർക്കാർ എയ്ഡഡ് സ്ഥാപനങ്ങളിലെ വിദ്യാർത്ഥിനികളാണ് അപേക്ഷ സമർപ്പിക്കേണ്ടത്.



Nawas
സെക്ഷൻ ഓഫീസർ

➢ നടപ്പ് വർഷത്തെ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

➢ ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ശീർഷകം | ബജറ്റ് വിഹിതം | ചെലവ് | ചെലവ് ശതമാനം | ഭൗതിക നേട്ടം |
|---|---|---|---|---|
| 2225-03-277-87-12 (പ്ലാൻ) | 5,000,000 | 86550 | 1.73 | 2 |

## 7. എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം

➢ പിന്നാക്ക വിഭാഗങ്ങളുടെ തൊഴിൽ ക്ഷമത വർദ്ധിപ്പിക്കുന്നതിനായി വിദ്യാർത്ഥികൾക്ക് മത്സര പരീക്ഷ, തൊഴിൽ പരിശീലനം എന്നിവയ്ക്ക് ധനസഹായം നൽകുന്ന പദ്ധതിയാണിത്. ഈ പദ്ധതിയിൽ 3 ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

a) മെഡിക്കൽ/എഞ്ചിനീയറിംഗ്, ബാങ്കിംങ്ങ്, സിവിൽ സർവ്വീസ്, UGC/JRF, GATE/MAT, IELTS/TOEFL/OET/NCLEX പരീക്ഷാ പരിശീലന ധനസഹായം

| പരിശീലന ഇനം | കുടുംബ വാർഷിക വരുമാനം | പരമാവധി ട്യൂഷൻ ഫീസ് | മെയിന്റനൻസ് അലവൻസ് | ആകെ അനുവദിക്കുന്ന പരമാവധി തുക |
|---|---|---|---|---|
| മെഡിക്കൽ/ എഞ്ചിനീയറിംഗ് എൻട്രൻസ് | 2 ലക്ഷം | 20000/- | 10000/- | 30000/- |
| ബാങ്കിംഗ് | 2 ലക്ഷം | 10000/- | 10000/- | 20000/- |
| സിവിൽ സർവ്വീസ് | 4.5 ലക്ഷം | 15000/- | 10000/- | 25000/- |
| UGC/JRF,GATE/MAT | 2.5 ലക്ഷം | 15000/- | 10000/- | 25000/- |
| IELTS/TOEFL/OET/NCLEX | 2.5 ലക്ഷം | - | - | 14000/- |

b) ഒ.ബി.സി പ്രൊഫഷണൽസിനുള്ള സ്വയം തൊഴിൽ വായ്പ

➢ പിന്നാക്ക വിഭാഗ വികസന കോർപ്പറേഷന്റെ സഹകരണത്തോടെ നടപ്പിലാക്കുന്നതിനായി 2017-18 ൽ തുടക്കമിട്ട ഈ പദ്ധതി പ്രകാരം,ഒ.ബി.സി വിഭാഗത്തിൽപ്പെട്ട പ്രൊഫഷണലുകൾക്ക് സ്റ്റാർട്ട്-അപ് സംരംഭങ്ങൾ ആരംഭിക്കുന്നതിനായി പരമാവധി 10 ലക്ഷം രൂപ വരെ വായ്പ അനുവദിക്കുന്നു.

➢ വായ്പാ തുകയുടെ 20% (പരമാവധി 2 ലക്ഷം രൂപ) പിന്നാക്ക വിഭാഗ വികസന വകുപ്പ് സബ്സിഡി ആയി നൽകുന്നു.



Nawas
സെക്ഷൻ ഓഫീസർ

c) ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവർക്കുള്ള സ്വയം തൊഴിൽ വായ്പ

- പിന്നാക്ക വിഭാഗ വികസന വകുപ്പും, കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷനും സംയുക്തമായി നടപ്പിലാക്കുന്ന ഈ പദ്ധതി പ്രകാരം ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള മറ്റ് പിന്നാക്ക വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് പരമാവധി 1 ലക്ഷം രൂപ വരെ വായ്പ അനുവദിക്കുന്നു.
- സമയബന്ധിതമായി തവണ തുക തിരിച്ചടയ്ക്കുന്നവർക്ക് പിന്നാക്ക വിഭാഗ വികസന വകുപ്പ് വായ്പാ തുകയുടെ 50% (പരമാവധി 25,000/- രൂപ) സബ്സിഡി ആയി നൽകുന്നു.
- മെഡിക്കൽ/എഞ്ചിനീയറിംഗ്&IELTS/TOEFL/OET/NCLEX പരിശീലന സ്ഥാപനങ്ങളുടെ എംപാനലിംഗ് നടപടികൾ പുരോഗമിക്കുന്നു.
- ഇതുവരെയുള്ള ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ശീർഷകം | ബജറ്റ് വിഹിതം | ചെലവ് | ചെലവ് ശതമാനം | ഭൗതിക നേട്ടം |
|---|---|---|---|---|
| 2225-03-277-90 (പ്ലാൻ) | 55,000,000 | 3198150 | 5.81 | 150 |

8. പരമ്പരാഗത കരകൗശല പണിക്കാർക്കുള്ള നൈപുണ്യ വികസന പരിശീലനത്തിനും ടൂൾകിറ്റിനുമുള്ള ധനസഹായം.

- പിന്നാക്ക സമുദായങ്ങളിൽപ്പെട്ട പരമ്പരാഗത തൊഴിൽ മേഖലയിലെ തൊഴിലാളികൾക്ക് ടൂൾകിറ്റ് നൽകുന്നതിനുമുള്ള പദ്ധതിയാണിത്.
- പരമാവധി 20,000/- രൂപയാണ് ആനുകൂല്യം അനുവദിക്കുന്നത്.
- കുടുംബ വാർഷിക വരുമാന പരിധി 1 ലക്ഷം രൂപ.
- നിലവിൽ പ്രസിദ്ധീകരിച്ചിട്ടുള്ള മുൻഗണനാ പട്ടിക പ്രകാരം വകുപ്പുമായി കരാറിലേർപ്പെടുന്ന ഗുണഭോക്താക്കൾക്ക് 10,000/- രൂപ വീതമുള്ള രണ്ട് ഗഡുക്കളായി ആനുകൂല്യം വിതരണം ചെയ്യുന്നു.
- ഇത് വരെയുള്ള ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ശീർഷകം | ബജറ്റ് വിഹിതം | ചെലവ് | ചെലവ് ശതമാനം | ഭൗതിക നേട്ടം |
|---|---|---|---|---|
| 2225-03-277-88 (പ്ലാൻ) | 32,400,000 | 9715557 | 29.99 | 909 |



Nawas
സെക്ഷൻ ഓഫീസർ

## 9. പരമ്പരാഗത മൺപാത്ര നിർമ്മാണ തൊഴിലാളികൾക്കുള്ള ധനസഹായം

- പരമ്പരാഗത മൺപാത്ര നിർമ്മാണ തൊഴിലാളികൾക്ക് തൊഴിൽ നവീകരിക്കുന്നതിനും യന്ത്രസാമഗ്രികൾ വാങ്ങുന്നതിനും വേണ്ടി 50,000/- രൂപ വീതം ധനസഹായം നൽകുന്ന പദ്ധതി.
- കുടുംബ വാർഷിക വരുമാന പരിധി 1 ലക്ഷം രൂപ
- ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ശീർഷകം | ബജറ്റ് വിഹിതം | ചെലവ് | ചെലവ് ശതമാനം | ഭൗതിക നേട്ടം |
|---|---|---|---|---|
| 2225-03-800-85 (പ്ലാൻ) | 4,000,000 | 1,375,000 | 34.38 | 55 |

## 10. പരമ്പരാഗത ബാർബർ തൊഴിലാളികൾക്കുള്ള ധനസഹായം

- പരമ്പരാഗത ബാർബർ തൊഴിലാളികൾക്ക് ബാർബർഷോപ്പ് നവീകരിക്കുന്നതിന് പരമാവധി 25000 /- രൂപ വരെ വിവിധ ഗഡുക്കളായി ഗ്രാന്റ് അനുവദിക്കുന്ന പദ്ധതി.
- കുടുംബ വാർഷിക വരുമാന പരിധി 1 ലക്ഷം രൂപ.
- മുൻവർഷങ്ങളിൽ ലഭ്യമായിട്ടുള്ള അപേക്ഷകളുടെ അടിസ്ഥാനത്തിൽ ഫീൽഡ് പരിശോധന പുരോഗമിക്കുന്നു.
- ഫീൽഡ് പരിശോധന പൂർത്തിയാക്കുന്ന മുറയ്ക്ക് ആനുകൂല്യം അനുവദിച്ചു വരുന്നു.
- ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ശീർഷകം | ബജറ്റ് വിഹിതം | ചെലവ് | ചെലവ് ശതമാനം | ഭൗതിക നേട്ടം |
|---|---|---|---|---|
| 2225-03-102-98 (പ്ലാൻ) | 40,00,000 | 900000 | 22.5 | 64 |

## 11. ഓട്ടോമൊബൈൽ മേഖലയിൽ തൊഴിൽ പരിശീലനം

- പൊതു സ്വകാര്യ പങ്കാളിത്തത്തോടെ ഓട്ടോമൊബൈൽ മേഖലയിൽ ഡിപ്ലോമ/ ഐ.റ്റി.ഐ/ഐ.റ്റി.സി കോഴ്സ് പൂർത്തിയാക്കിയവർക്ക് പരിശീലനം നൽകുകയും, പ്രമുഖ സ്ഥാപനങ്ങളിൽ തൊഴിൽ ഉറപ്പാക്കുകയും ചെയ്യുന്ന പദ്ധതി
- 2 ലക്ഷം രൂപയാണ് വരുമാന പരിധി.
- സ്റ്റൈപന്റ്, ട്യൂഷൻ ഫീ ഇനങ്ങളിൽ പ്രതിമാസം 8000/- രൂപ വീതം ആനുകൂല്യം അനുവദിക്കുന്നു.



Nawas

സെക്ഷൻ ഓഫീസർ

- മുൻവർഷങ്ങളിലെ കുടിശ്ശിക അനുവദിക്കുന്നതിന് ശേഷിക്കുന്ന സാഹചര്യത്തിൽ നടപ്പ് വർഷം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല.
- നടപ്പ് വർഷത്തെ ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ശീർഷകം | ബജറ്റ് വിഹിതം | ചെലവ് | ചെലവ് ശതമാനം | ഭൗതിക നേട്ടം |
|---|---|---|---|---|
| 2225-03-102-99 (പ്ലാൻ) | 1,50,00,000 | 7,420,000 | 49.47 | 400 |

12. <u>കുംഭാര കോളനി അടിസ്ഥാന സൌകര്യ വികസന പദ്ധതി</u>

- പരമ്പരാഗത കളിമൺപാത്ര തൊഴിലാളികൾ അധിവസിക്കുന്ന കുംഭാര കോളനികളുടെ സമഗ്ര വികസനത്തിന് വേണ്ടി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതി.
- വർക്ക് ഷെഡ്, ചൂള, കമ്മ്യൂണിറ്റി ഹാൾ, റോഡ് തുടങ്ങിയവയുടെ നിർമ്മാണം, കുടിവെള്ള പദ്ധതി തുടങ്ങിയവ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു.
- ഗ്രാമപഞ്ചായത്തിന്റെ സഹകരണത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്
- 2022-23 വർഷം പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം 5 കോളനികളെ തിരഞ്ഞെടുക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിക്കുകയും രണ്ട് കോളനികളെ തെരഞ്ഞെടുക്കുകയുമുണ്ടായി. ആയതിന്മേൽ തുടർ നടപടികൾ സ്വീകരിച്ച് വരുന്നു.
- ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ശീർഷകം | ബജറ്റ് വിഹിതം | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|
| 2225-03-102-94 (പ്ലാൻ) | 50,00,000 | 0 | - |

13. <u>ഓഫീസ് ഓട്ടോമേഷൻ ഉപകരണങ്ങളും ഭരണവും</u>

- വകുപ്പിന്റെ വിപുലീകരണത്തിനും ഓഫീസ് സജ്ജീകരണത്തിനും ആവശ്യമായ ചെലവുകൾ കണ്ടെത്തുന്നതിനുള്ള പദ്ധതി.
- ജില്ലാ ഓഫീസുകൾ അനുവദിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.
- ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ശീർഷകം | ബജറ്റ് വിഹിതം | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|
| 2225-03-001-98 (പ്ലാൻ) | 8,000,000 | 1,139,564 | 14.24 |



Nawas
സെക്ഷൻ ഓഫീസർ

## 14. അഡ്വക്കേറ്റ് ഗ്രാന്റ്

- അഭിഭാഷക കൌൺസിലിൽ എൻറോൾ ചെയ്ത ഒ.ബി.സി നിയമ ബിരുദധാരികൾക്ക് പ്രാക്ടീസ് ചെയ്യുന്നതിന് പ്രതിവർഷം 12000/- രൂപ വീതം 3 വർഷത്തേക്ക് ധനസഹായം അനുവദിക്കുന്ന പദ്ധതി.
- വരുമാന പരിധി 1 ലക്ഷം രൂപ.
- മുൻവർഷങ്ങളിലെ കുടിശ്ശിക നിലനിൽക്കുന്ന സാഹചര്യത്തിൽ നടപ്പ് വർഷം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല.
- ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ശീർഷകം | ബജറ്റ് വിഹിതം | ചെലവ് | ചെലവ് ശതമാനം | ഭൗതിക നേട്ടം |
|---|---|---|---|---|
| 2225-03-800-81 (നോൺ പ്ലാൻ) | 12,00,000 | 420000 | 35 | 35 |

## 15. വിശ്വകർമ്മജർക്കുള്ള പെൻഷൻ

- പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന 60 വയസ്സ് തികഞ്ഞ പരമ്പരാഗത വിശ്വകർമ്മ തൊഴിലിൽ ഏർപ്പെട്ടിരുന്നവർക്ക് പ്രതിമാസം പെൻഷൻ അനുവദിക്കുന്ന പദ്ധതി.
- നിലവിൽ 1400/- രൂപ പെൻഷൻ നൽകി വരുന്നു.
- തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നുള്ള സാക്ഷ്യപത്രം, ലൈഫ് സർട്ടിഫിക്കറ്റ് എന്നിവ ലഭ്യമാക്കുന്ന മുറയക്ക് സമയബന്ധിതമായി തന്നെ പെൻഷൻ അനുവദിച്ചു വരുന്നു.
- ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ശീർഷകം | ബജറ്റ് വിഹിതം | ചെലവ് | ചെലവ് ശതമാനം | ഭൌതിക നേട്ടം |
|---|---|---|---|---|
| 2225-03-102-96 (നോൺ പ്ലാൻ) | 50,00,000 | 1,723800 | 34 | 302 |

## 16. പോസ്റ്റ്മെട്രിക് ഹോസ്റ്റൽ നിർമ്മാണം – കേന്ദ്രാവിഷ്കൃത പദ്ധതി (60% CSS)

- ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമായി ഒബിസി പോസ്റ്റ് മെട്രിക് ഹോസ്റ്റൽ നിർമ്മിക്കുന്നതിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതി.



Nawas
സെക്ഷൻ ഓഫീസർ

- ഈ പദ്ധതിയ്ക്കായി 2010-11 വർഷം അനുവദിച്ച ഫണ്ടിന് കേന്ദ്രസർക്കാരിന് വിനിയോഗ സാക്ഷ്യപത്രം നൽകാതിരുന്നതിനാൽ മുടങ്ങി കിടക്കുന്നു. സാങ്കേതികവും ഭരണപരവുമായ കാരണങ്ങളാലാണ് ഇത് സംഭവിച്ചത്.
- കഴിഞ്ഞ വർഷം തീവ്രശ്രമം നടത്തുകയും ലഭ്യമായ കേന്ദ്ര ഫണ്ട് ഉപയോഗിച്ച് ഇടുക്കി എഞ്ചിനീയറിംഗ് കോളേജിൽ ഹോസ്റ്റൽ നിർമ്മിക്കാൻ തീരുമാനിക്കുകയും ചെയ്തു. എസ്റ്റിമേറ്റ് തയ്യാറാക്കലും മണ്ണ് പരിശോധനയും കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡിന് നൽകുന്നു.

## നടപ്പ് വർഷം മുതൽ പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന നടപ്പാക്കുന്ന പദ്ധതികൾ

### 17. ഇലക്ട്രിക്/സിഎൻജി ഓട്ടോ ടാക്സികൾ വാങ്ങുന്നതിനുള്ള സഹായം

- ന്യൂ ജനറേഷൻ ഇലക്ട്രിക്/സിഎൻജി വാഹനങ്ങൾ വാങ്ങാൻ നൽകുന്ന വാഹന വായ്പകൾക്ക് 20 ശതമാനമോ അല്ലെങ്കിൽ പരമാവധി 1 ലക്ഷം രൂപ വരെയോ ഒ.ബി.സി വിഭാഗങ്ങൾക്ക് സബ്സിഡി നൽകുന്നു.
- കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന കളിമൺപാത്ര നിർമ്മാണ വിപണനക്ഷേമ വികസന കോർപ്പറേഷൻ തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങൾ മുഖേന അപേക്ഷ ക്ഷണിച്ച് വായ്പ അനുവദിക്കുന്നു.
- കുടുംബ വാർഷിക വരുമാന പരിധി 2.5 ലക്ഷം രൂപ.
- ടി കോർപ്പറേഷനുകളുമായി സഹകരിച്ച് നടപ്പ് വർഷത്തെ ഗുണഭോക്തൃ നിർണ്ണയത്തിനുള്ള നടപടികൾ പുരോഗമിക്കുന്നു.
- നടപ്പ് വർഷം ടി ഇനത്തിൽ ആകെ 1 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

### 18. പരമ്പരാഗത തൊഴിലധിഷ്ഠിത സമുദായങ്ങളുടെ ഉൽപ്പന്നങ്ങൾക്കായുള്ള വിപണന കേന്ദ്രങ്ങൾ

- സംസ്ഥാനത്തെ വിവിധ പരമ്പരാഗത തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന സമുദായങ്ങൾ അഭിമുഖീകരിക്കുന്ന വിപണന പ്രശ്നങ്ങൾ പരിഹരിച്ച് അവരുടെ ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില ഉറപ്പാക്കുന്നതിനുള്ള പദ്ധതി.
- ഉൽപന്നങ്ങളുടെ പ്രദർശനത്തിനും വിപണനത്തിനുമായി ജില്ലാ ആസ്ഥാനങ്ങളിൽ സ്ഥിരം സംവിധാനമൊരുക്കാൻ ഘടകം വിഭാവനം ചെയ്യുന്നു.
- സംസ്ഥാനത്തെ തദ്ദേശ സ്ഥാപനങ്ങൾ, പ്രത്യേകിച്ച് കോർപ്പറേഷനുകൾ, മുനിസിപ്പാലിറ്റികൾ എന്നിവയുടെ സഹകരണത്തോടെയാണ് ഇത് നടപ്പാക്കുന്നത്.

➢ ടി സ്ഥാപനങ്ങളുമായി സഹകരിച്ച് നടപ്പ് വർഷത്തെ ഗുണഭോക്തൃ നിർണ്ണയത്തിനുള്ള നടപടികൾ പുരോഗമിക്കുന്നു.

➢ നടപ്പ് വർഷം ടി ഇനത്തിൽ ആകെ 80 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

## 19. ഒന്നാം തരം മുതൽ എട്ടാം തരം വരെയുള്ള മറ്റ് പിന്നാക്ക വിഭാഗം വിദ്യാർത്ഥികൾക്ക് പ്രീ-മെട്രിക് സ്കോളർഷിപ്പ്

➢ സംസ്ഥാനത്തെ സ്കൂളുകളിലെ 1 മുതൽ 10 വരെ ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിച്ചിരുന്ന പദ്ധതി പരിഷ്കരിച്ച കേന്ദ്രമാനദണ്ഡ പ്രകാരം 9, 10 ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് മാത്രമായി പരിമിതപ്പെടുത്തി.

➢ ടി പദ്ധതി പ്രകാരം ഒഴിവാക്കപ്പെട്ട 1 മുതൽ 8 വരെ ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് സംസ്ഥാന സർക്കാർ ഏറ്റെടുത്ത് 2023-24 മുതൽ നടപ്പാക്കുന്നു.

➢ മാർക്കിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികൾക്ക് മുൻവർഷങ്ങളിലേതിന് സമാനമായി 1500/- രൂപ സ്കോളർഷിപ്പ് അനുവദിക്കുന്നു.

➢ കുടുംബ വാർഷിക വരുമാന പരിധി 2.50 ലക്ഷം രൂപ.

➢ ടി സ്കോളർഷിപ്പ് അനുവദിക്കുന്നതിന് നടപ്പ് വർഷം ആകെ 25 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

➢ നിലവിൽ ടി പദ്ധതിയുടെ ഭരണാനുമതിയുമായി ബന്ധപ്പെട്ട സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ് ചേരുകയും ഈ പദ്ധതി അംഗീകരിക്കുകയുമുണ്ടായി. തുടർ നടപടികൾ സർക്കാർ തലത്തിൽ സ്വീകരിച്ചുവരുന്നു.

Naves
സെക്ഷൻ ഓഫീസർ

# അനുബന്ധം - 2

## കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ 2023-24 വർഷം നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ വിശദ വിവരങ്ങളും പ്രസ്തുത പദ്ധതികളുടെ ഈ സാമ്പത്തിക വർഷത്തെ പ്രവർത്തന പുരോഗതിയും

### മറ്റു പിന്നാക്ക വിഭാഗങ്ങൾക്കായുള്ള (OBC) പദ്ധതികൾ - NBCFDC പദ്ധതികൾ

| പദ്ധതിയുടെ പേര് | പരമാവധി വായ്പാ തുക | പലിശ നിരക്ക് | പ്രവർത്തന പുരോഗതി |
|---|---|---|---|
| 1. സ്വയം തൊഴിൽ പദ്ധതി (3,00,000/- രൂപയിലും താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 15 ലക്ഷം രൂപ | 5 ലക്ഷം രൂപ വരെ - 6%<br>5 ലക്ഷത്തിന് മുകളിൽ 10 ലക്ഷം വരെ - 7%<br>10 ലക്ഷത്തിന് മുകളിൽ - 8% | 856 വായ്പകളി ലായി 20.82 കോടി രൂപ അനുവദിച്ചു |
| 2. വനിതകൾക്കായുള്ള പ്രത്യേക സ്വയം തൊഴിൽ വായ്പ (ന്യൂ സ്വർണ്ണിമ) (3,00,000/- രൂപയിലും താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 2 ലക്ഷം രൂപ | 5% | 13 വായ്പകളിലായി 19.29 ലക്ഷം രൂപ അനുവദിച്ചു |
| 3. വിദ്യാഭ്യാസ വായ്പാ പദ്ധതി (3,00,000/- രൂപയിലും താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | ഇന്ത്യയ്ക്ക് അകത്ത് പഠിക്കു ന്നതിന് 15 ലക്ഷം രൂപ (പ്രതിവർഷം 3 ലക്ഷം രൂപ)<br><br>വിദേശത്ത് പഠിക്കുന്ന തിന് 20 ലക്ഷം രൂപ (പ്രതിവർഷം 4 ലക്ഷം രൂപ) | ആൺകുട്ടികൾക്ക് - 4%<br>പെൺകുട്ടികൾക്ക് - 3.5% | 98 വായ്പകളിലായി 1.40 കോടി രൂപ അനുവദിച്ചു |
| 4. ലഘു വായ്പാ പദ്ധതി (സന്നദ്ധ സംഘടനകൾ / CDS വഴി നൽകുന്ന വായ്പ) (3,00,000/- രൂപയിലും താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | CDS -കൾക്ക് പരമാവധി 3 കോടി രൂപ<br>NGO -യ്ക്ക് പരമാവധി 3 കോടി രൂപ | NGO / CDS – 4%,<br>SHG ക്ക് - 5% | 1105 ഗുണഭോക്താ ക്കൾക്ക് 3.56 കോടി രൂപ അനുവദിച്ചു |
| 5. മഹിളാ സമൃദ്ധി യോജന (വനിതകൾക്കുള്ള ലഘു വായ്പ) (3,00,000/- രൂപയിലും താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | CDS -കൾക്ക് പരമാവധി 3 കോടി രൂപ | CDS – 3%,<br>SHG ക്ക് - 4% | 311 ഗുണഭോക്താ ക്കൾക്ക് 1.87 കോടി രൂപ അനുവദിച്ചു |
| 6. പ്രവാസി സുരക്ഷാ വായ്പാ പദ്ധതി (പ്രവാസ ജീവിതത്തിന് ശേഷം നാട്ടിൽ സ്ഥിര താമസമാക്കുന്നതിന് വേണ്ടി മടങ്ങിവരുന്നവർക്കുള്ള പദ്ധതി)<br><br>(3,00,000/- രൂപയിലും താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 30 ലക്ഷം രൂപ<br><br>**പ്രത്യേക ആനുകൂല്യം**<br>പദ്ധതി അടങ്കലിന്റെ 15% വരെ മൂലധന സബ്സിഡി. വായ്പാ തിരിച്ചടവിന്റെ ആദ്യ 4 വർഷങ്ങളിൽ 3% പലിശ സബ്സിഡി. | 5 ലക്ഷം രൂപ വരെ - 6%<br>5 ലക്ഷത്തിന് മുകളിൽ 10 ലക്ഷം വരെ - 7%<br>10 ലക്ഷത്തിന് മുകളിൽ - 8% | 9 വായ്പകളിലായി 33.61 ലക്ഷം രൂപ അനുവദിച്ചു |

Nawas

സെക്ഷൻ ഓഫീസർ

| | | | |
|---|---|---|---|
| 7. സ്റ്റാർട്ട് അപ്പ് വായ്പാ പദ്ധതി (പ്രൊഫഷണലുകൾക്ക് യോഗ്യതാ ടിസ്ഥാനത്തിൽ വരുമാന ദായക സംരംഭം ആരംഭിക്കുന്നതിനായി)<br><br>(3,00,000/- രൂപയിലും താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 20 ലക്ഷം രൂപ<br><br>**പ്രത്യേക ആനുകൂല്യം**<br>വായ്പാ തുകയുടെ 20% (പരമാവധി 2 ലക്ഷം രൂപ) പിന്നാക്ക വിഭാഗ വികസന വകുപ്പിൽ നിന്നുള്ള സബ്സിഡി. | 5 ലക്ഷം രൂപ വരെ - 6%<br>5 ലക്ഷത്തിന് മുകളിൽ 10 ലക്ഷം വരെ - 7%<br>10 ലക്ഷത്തിന് മുകളിൽ - 8% | 5 വായ്പകളിലായി 18.40 ലക്ഷം രൂപ അനുവദിച്ചു |

## മതന്യൂനപക്ഷങ്ങൾക്കുള്ള പദ്ധതികൾ (മുസ്ലീം, ക്രിസ്ത്യൻ, സിക്ക്, പാഴ്സി, ബുദ്ധ, ജൈനമത വിഭാഗങ്ങൾക്ക്) - NMDFC പദ്ധതികൾ

| പദ്ധതിയുടെ പേര് | പരമാവധി വായ്പാ തുക | പലിശ നിരക്ക് | പ്രവർത്തന പുരോഗതി |
|---|---|---|---|
| 1. സ്വയം തൊഴിൽ പദ്ധതി - 1 (ഗ്രാമങ്ങളിൽ 98,000/- രൂപയിലും, നഗരങ്ങളിൽ 1,20,000/- രൂപയിലും താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 20 ലക്ഷം രൂപ | 6% | 777 വായ്പകളിലായി 18.71 കോടി രൂപ അനുവദിച്ചു |
| 2. സ്വയം തൊഴിൽ പദ്ധതി - 2 (6 ലക്ഷം രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 30 ലക്ഷം രൂപ | പുരുഷൻ - 8%<br>സ്ത്രീ - 6% | 85 വായ്പകളിലായി 2.19 കോടി രൂപ അനുവദിച്ചു |
| 3. (എ) ലഘു വായ്പാ പദ്ധതി (സന്നദ്ധ സംഘടനകൾ / CDS വഴി നൽകുന്ന വായ്പ) (Credit Line I) (ഗ്രാമങ്ങളിൽ 98,000/- രൂപയിലും, നഗരങ്ങളിൽ 1,20,000/- രൂപയിലും താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്)<br><br>3. (ബി) ലഘു വായ്പാ പദ്ധതി (സന്നദ്ധ സംഘടനകൾ / CDS വഴി നൽകുന്ന വായ്പ) (Credit Line II) (കുടുംബ വാർഷിക വരുമാനം 8 ലക്ഷം) | CDS/NGO – 3 കോടി രൂപ<br><br>CDS/NGO – 3 കോടി രൂപ | NGO / CDS – 4%, SHG – 5%<br><br>NGO / CDS – 5%, SHG - 10% | 2589 ഗുണഭോക്താക്കൾക്ക് 12.74 കോടി രൂപ അനുവദിച്ചു |
| 4. വിദ്യാഭ്യാസ വായ്പാ പദ്ധതി - 1 (ഗ്രാമങ്ങളിൽ 98,000/- രൂപയിലും, നഗരങ്ങളിൽ 1,20,000/- രൂപയിലും താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | ഇന്ത്യയ്ക്ക് അകത്ത് പഠിക്കുന്നതിന് 15 ലക്ഷം രൂപ (പ്രതിവർഷം 3 ലക്ഷം രൂപ)<br>വിദേശത്ത് പഠിക്കുന്നതിന് 20 ലക്ഷം രൂപ (പ്രതിവർഷം 4 ലക്ഷം രൂപ) | 3% | 81 വായ്പകളിലായി 1.2 കോടി രൂപ അനുവദിച്ചു |

Naver

സെക്ഷൻ ഓഫീസർ

| | | | |
|---|---|---|---|
| 5. വിദ്യാഭ്യാസ വായ്പാ പദ്ധതി - 2<br>(8 ലക്ഷം രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | ഇന്ത്യയ്ക്ക് അകത്ത് പഠിക്കു ന്നതിന് 20 ലക്ഷം രൂപ (പ്രതിവർഷം 4 ലക്ഷം രൂപ)<br>വിദേശത്ത് പഠിക്കുന്നതിന് 30 ലക്ഷം രൂപ (പ്രതിവർഷം 6 ലക്ഷം രൂപ) | ആൺകുട്ടികൾക്ക് - 8%<br>പെൺകുട്ടികൾക്ക് - 5% | 27 വായ്പകളിലായി 72.58 ലക്ഷം രൂപ അനുവദിച്ചു |
| 6. പ്രവാസി സുരക്ഷാ വായ്പാ പദ്ധതി<br>(പ്രവാസ ജീവിതത്തിന് ശേഷം നാട്ടിൽ സ്ഥിര താമസമാക്കുന്നതിന് വേണ്ടി മടങ്ങിവരുന്നവർക്കുള്ള പദ്ധതി)<br>(ഗ്രാമങ്ങളിൽ 98,000/- രൂപയിലും, നഗരങ്ങളിൽ 1,20,000/- രൂപയിലും താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 30 ലക്ഷം രൂപ<br>**പ്രത്യേക ആനുകൂല്യം**<br>പദ്ധതി അടങ്കലിന്റെ 15% വരെ മൂലധന സബ്സിഡി. വായ്പാ തിരിച്ചടവിന്റെ ആദ്യ 4 വർഷങ്ങളിൽ 3% പലിശ സബ്സിഡി. | 6% | 16 വായ്പകളിലായി 53.62 ലക്ഷം രൂപ അനുവദിച്ചു |
| 7. പ്രവാസി സുരക്ഷാ വായ്പാ പദ്ധതി - 2<br>(പ്രവാസ ജീവിതത്തിന് ശേഷം നാട്ടിൽ സ്ഥിര താമസമാക്കുന്നതിന് വേണ്ടി മടങ്ങിവരുന്നവർക്കുള്ള പദ്ധതി)<br>(8 ലക്ഷം രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 30 ലക്ഷം രൂപ<br>**പ്രത്യേക ആനുകൂല്യം**<br>പദ്ധതി അടങ്കലിന്റെ 15% വരെ മൂലധന സബ്സിഡി. വായ്പാ തിരിച്ചടവിന്റെ ആദ്യ 4 വർഷങ്ങളിൽ 3% പലിശ സബ്സിഡി. | പുരുഷൻ - 8%<br>സ്ത്രീ - 6% | 2 വായ്പകളിലായി 13.83 ലക്ഷം രൂപ അനുവദിച്ചു |

**ശുചീകരണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന വ്യക്തികൾക്ക് - NSKFDC പദ്ധതികൾ**

| പദ്ധതിയുടെ പേര് | പരമാവധി വായ്പാ തുക | പലിശ നിരക്ക് | പ്രവർത്തന പുരോഗതി |
|---|---|---|---|
| 1. മഹിളാ സമൃദ്ധി യോജന (വനിതകൾക്കുള്ള ലഘു വായ്പ) [വരുമാന പരിധി ബാധകമല്ല] | CDS / NGO – 3 കോടി രൂപ | CDS / NGO – 3%, SHG - 4% | 6211 ഗുണഭോക്താക്കൾക്ക് 32.11 കോടി രൂപ അനുവദിച്ചു |

**KSBCDC ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന വായ്പാ പദ്ധതി**

| പദ്ധതിയുടെ പേര് | പരമാവധി വായ്പാ തുക | പലിശ നിരക്ക് | പ്രവർത്തന പുരോഗതി |
|---|---|---|---|
| 1. പെൺകുട്ടികളുടെ വിവാഹ വായ്പാ പദ്ധതി<br>(3,00,000/- രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 2 ലക്ഷം രൂപ | 6% | 400 വായ്പകളിലായി 7.63 കോടി രൂപ അനുവദിച്ചു |
| 2. സുവർണ്ണ ശ്രീ വായ്പ (ബഹുവിധ ആവശ്യങ്ങൾക്ക്)<br>(3,00,000/- രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 3 ലക്ഷം രൂപ | 8% | 1897 വായ്പകളിലായി 49.84 കോടി രൂപ അനുവദിച്ചു |

Nawas

സെക്ഷൻ ഓഫീസർ

| | | | |
|---|---|---|---|
| 3. പ്രവർത്തന മൂലധന വായ്പ<br>(3,00,000/- രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 3 ലക്ഷം രൂപ | 7% | 126 വായ്പകളിലായി 3.11 കോടി രൂപ അനുവദിച്ചു |
| 4. ബിസിനസ്സ് ഡെവലപ്മെന്റ് വായ്പ<br>(8,00,000/- രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 5 ലക്ഷം രൂപ | 8% | 25 വായ്പകളിലായി 77.59 ലക്ഷം രൂപ അനുവദിച്ചു |
| 5. വിദ്യാശ്രീ വായ്പ<br>(3,00,000/- രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 3 ലക്ഷം രൂപ | 6% | 378 വായ്പകളിലായി 2.97 കോടി രൂപ അനുവദിച്ചു |
| 6. വാഹന വായ്പ (ബഹുവിധ ആവശ്യങ്ങൾക്ക്)<br>(3 ലക്ഷം രൂപയ്ക്ക് മുകളിൽ 15 ലക്ഷം രൂപയ്ക്ക് താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 8 ലക്ഷം രൂപ | 8% | 6 വായ്പകളിലായി 11.12 കോടി രൂപ അനുവദിച്ചു |
| 7. ഗൃഹ പുനരുദ്ധാരണ വായ്പ (സ്വസ്ഥ ഗൃഹ)<br>(3 ലക്ഷം രൂപയ്ക്ക് മുകളിൽ 15 ലക്ഷം രൂപയ്ക്ക് താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 5 ലക്ഷം രൂപ | 9% | 15 വായ്പകളിലായി 52.10 ലക്ഷം രൂപ അനുവദിച്ചു |
| 8. വ്യക്തിഗത വായ്പ<br>(3 ലക്ഷം രൂപയ്ക്ക് മുകളിൽ 15 ലക്ഷം രൂപയ്ക്ക് താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 5 ലക്ഷം രൂപ | 9.5% | 656 വായ്പകളിലായി 21.22 കോടി രൂപ അനുവദിച്ചു |
| 9. എന്റെ വീട് (ഭവന നിർമ്മാണ വായ്പാ പദ്ധതി) - 1<br>(1,20,000/- രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 5 ലക്ഷം രൂപ | 6.5% | 266 വായ്പകളിലായി 5.58 കോടി രൂപ അനുവദിച്ചു |
| 10. എന്റെ വീട് (ഭവന നിർമ്മാണ വായ്പാ പദ്ധതി) - 2<br>(3,00,000/- രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 10 ലക്ഷം രൂപ | 7% | 210 വായ്പകളിലായി 7.26 കോടി രൂപ അനുവദിച്ചു |

Nawas

സെക്ഷൻ ഓഫീസർ